"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരുമ്പാവൂർ നഗരസഭയിലെ ചിത്ര സ്റ്റുഡിയോ എന്ന സ്ഥാപനത്തിന്റെ 2018-19 വർഷത്തെ മാത്രം ലൈസൻസ് ഫീസ് പിഴയടക്കം സ്വീകരിക്കുവാനും, 2019-20, 2020-21 വർഷങ്ങളിലെ ലൈസൻസ് ഫീ മാത്രം സ്വീകരിച്ച് ലൈസൻസ് പുതുക്കി നൽകുവാനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർസി) വകുപ്പ്**

**സ.ഉ.(സാധാ) നം.1018/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 19/05/2021

---

പരാമർശം:- 1 27/02/2019 തീയതിയിലെ ശ്രീമതി. രമ ഇ. സിയുടെ അപേക്ഷ.

2 19/02/2021 തീയതിയിലെ നഗരകാര്യ ഡയറക്ടറുടെ G2/2920/2021 നമ്പർ കത്ത്.

**ഉത്തരവ്**

ക്യാൻസർ സംബന്ധമായ ചികിത്സയും സാമ്പത്തിക പരാധീനതകളും കാരണം തന്റെ ഉടമസ്ഥതയിലുള്ള ചിത്ര സ്റ്റുഡിയോയുടെ 2018-19 വർഷത്തെ ലൈസൻസ് ഫീസ് അടയ്ക്കാൻ സാധിച്ചില്ലെന്നും , ലൈസൻസ് പുതുക്കാനായി നഗരസഭയെ സമീപിച്ചപ്പോൾ ഫൈൻ ഉൾപ്പെടെ 5,250/- രൂപ അടയ്ക്കുവാൻ നിർദ്ദേശിച്ചെന്നും ദൈനംദിന കാര്യങ്ങൾ നടത്തുന്നതിന് തന്നെ ബുദ്ധിമുട്ടായതിനാൽ ടി തുകയിൽ ഇളവനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി. രമ ഇ. സി പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചു.

2) പരാമർശം 2 പ്രകാരം നഗരകാര്യ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് അനുസരിച്ച് പെരുമ്പാവൂർ നഗരസഭയിലെ 17/901 നമ്പർ കെട്ടിടത്തിൽ ശ്രീമതി. രമ ഇ. സി-യുടെ ഉടമസ്ഥയിൽ പ്രവർത്തിച്ചുവരുന്ന ചിത്ര സ്റ്റുഡിയോ എന്ന സ്ഥാപനം 2018-19 കാലയളവിൽ ലൈസൻസ് ഫീസ് ഒടുക്കിയിട്ടില്ല. ടിയാരിയുടെ ഭർത്താവ് ക്യാൻസർ ബാധിച്ച് ചികിത്സയിലായിരുന്നതിനാലാണ് ലൈസൻസ് ഫീസ് അടവാക്കാൻ സാധിക്കാതിരുന്നത്. 2018-19 കാലയളവിൽ ലൈസൻസ് ഫീസ് അടവാക്കാത്തതിനാൽ ടിയാരിക്ക് തുടർന്നുള്ള വർഷങ്ങളിലും (2019-20, 2020-21) ലൈസൻസ് പുതുക്കുവാൻ സാധിച്ചിരുന്നില്ല. ഡി & ഒ ട്രേഡ് ലൈസൻസ് പുതുക്കുന്നതിന് ഫീസ് പിഴയില്ലാതെ അടയ്ക്കാനുള്ള തീയതി കഴിഞ്ഞാൽ ഫൈൻ, ബിലേറ്റഡ് ഫീസ്, കോംപൗണ്ടിങ് ഫീസ് എന്നിവ അടയ്ക്കേണ്ടി വരുന്നതിനാലാണ് ടിയാരിയുടെ ലൈസൻസ് തുക വർധിച്ചത്. ടിയാരിക്ക് ലൈസൻസ് ഫീസ് അടവാക്കാനുള്ള സാമ്പത്തിക ശേഷിയില്ലാത്തതിനാലാണ് തുക നഗരസഭയിൽ ഒടുക്കാൻ സാധിക്കാതെ വന്നത്. 2018-19 കാലയളവ് മുതൽ ടിയാരിക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. 2018-19, 2019-20, 2020-21 കാലയളവിലേയ്ക്ക് വലിയൊരു സംഖ്യ നഗരസഭയിൽ ഒടുക്കിയാൽ മാത്രമെ ലൈസൻസ് ഫീസ് പുതുക്കി നൽകാൻ സാധിക്കുകയുള്ളൂ എന്നും നഗരകാര്യ ഡയറക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്തു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടെ പരാമർശം 2 പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി. രമ ഇ.സി-യുടെ അപേക്ഷ അനുഭാവപൂർവം പരിഗണിച്ച്, പെരുമ്പാവൂർ നഗരസഭയിലെ വാർഡ് നം. XVII ലെ 17/901 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചിത്ര സ്റ്റുഡിയോ എന്ന സ്ഥാപനത്തിന്റെ 2018-19 വർഷത്തെ മാത്രം ലൈസൻസ് ഫീസ് പിഴയടക്കം സ്വീകരിക്കുവാനും, 2019-20, 2020-21 വർഷങ്ങളിലെ ഫൈൻ, ബിലേറ്റഡ് ഫീസ്, കോംപൗണ്ടിങ് ഫീസ് എന്നിവ ഒഴിവാക്കി ലൈസൻസ് ഫീ മാത്രം സ്വീകരിച്ച് ചിത്ര സ്റ്റുഡിയോയുടെ ലൈസൻസ് പുതുക്കി നൽകുവാനും പെരുമ്പാവൂർ നഗരസഭാ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീമതി. രമ ഇ.സി, ചിത്ര സ്റ്റുഡിയോ, എ.എം. റോഡ്, പെരുമ്പാവൂർ - 683542

സെക്രട്ടറി, പെരുമ്പാവൂർ നഗരസഭ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ/എൽ.ബി.എ),കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. LSGD-RC2/25/2019-LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ